II.ഇ.ബി. XIII-കേരള നിയമസഭ/I –2

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2011 ജൂൺ 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6 (*31) **അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി**

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടുകൂടിയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സഭയെ അറിയിച്ചു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 1998, 2005, 2007 എന്നീ വർഷങ്ങളിൽ ഈ പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നൽകിയിരുന്നു. പദ്ധതി നടപ്പാക്കുമ്പോഴുള്ള ജൈവവൈവിധ്യ ആഘാതത്തെപ്പറ്റി പഠിക്കാൻ കേന്ദ്ര സർക്കാർ വെസ്റ്റേൺ ഗാട്ട്സ് ഇക്കോളജിക്കൽ എക്സ്പേർട്ട് പാനലിന് (WGEEP) നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ പാനലിലെ വിദഗ്ദ്ധസംഘം 2011 ജനുവരി മാസത്തിൽ പദ്ധതിപ്രദേശം സന്ദർശിച്ചുവെങ്കിലും ഇതുവരെ ബോർഡിന് റിപ്പോർട്ട് ലഭ്യമായിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോട

തിയെ സമീപിച്ച കക്ഷികളുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. പദ്ധതി എത്രയും വേഗം നടപ്പാക്കണമെന്ന നിലപാടാണ് ഹൈക്കോടതി മുമ്പാകെ സ്വീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയുടെ എതിർപ്പ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബയോ ഡൈവേഴ്സിറ്റിക്ക് അപകടമില്ലാതെയും ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെയും ഈ പദ്ധതി നടപ്പാക്കാൻ കഴിയുമോയെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പുതിയ സബ്സ്റ്റേഷൻ, ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുന്നതിനും നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. 25 മെഗാവാട്ടിന് താഴെയുള്ള ജലവൈദ്യുത പദ്ധതികൾക്ക് ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമില്ല. 25 മുതൽ 50 മെഗാവാട്ട് വരെ ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾക്ക് അനുവാദം കൊടുക്കാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ സബ്സ്റ്റേഷനുകളും 11 കെ.വി. ലൈനുകളും സ്ഥാപിക്കുക, സിംഗിൾലൈൻ ത്രീഫേസ് ലൈനാക്കുക എന്നീ നടപടികളിലൂടെ നഷ്ടം കുറച്ചുകൊണ്ടുവരാനും ശ്രമങ്ങൾ നടത്തിവരുന്നു. പാത്രക്കടവ് ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്ന കാര്യവും കൊണ്ടോട്ടി എയർപോർട്ടിനടുത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യവും പരിഗണിക്കുന്നതാണെന്ന് ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി..

7 (*32) <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം</u>

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, വ്യവസായ

വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം സംബന്ധിച്ച് സർക്കാർ പരിശോധന നടത്താറുണ്ടെന്ന് സഭയെ അറിയിച്ചു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് 2005-06 മുതൽ 2009-10 വരെയുള്ള കാലഘട്ടത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിനുവേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ക്രോഡീകരിച്ച റിപ്പോർട്ടുകളുടെയും 2010-11 സാമ്പത്തിക വർഷത്തിൽ റിയാബിന് പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളും മൊത്തം ലാഭവും നഷ്ടവും താഴെപ്പറയും പ്രകാരമാണ്:

| വർഷം | അവലോകനത്തിന് പരിഗണിച്ച ആകെ സ്ഥാപനങ്ങൾ | ലാഭമുണ്ടാക്കുന്ന കമ്പനികൾ | നഷ്ടം വരുത്തുന്ന കമ്പനികൾ | ആകെ ലാഭം/ നഷ്ടം (തുക കോടിയിൽ) |
|---|---|---|---|---|
| 2005-06 | 44 | 11 | 33 | - 74.38 |
| 2006-07 | 44 | 21 | 23 | 94.24 |
| 2007-08 | 42 | 24 | 18 | 89.54 |
| 2008-09 | 41 | 24 | 17 | 127.47 |
| 2009-10 | 37 | 30 | 7 | 224.66 |
| 2010-11 | 36 | 29 | 7 | 295.78 |

ഇവയിൽ ഒൻപത് സ്ഥാപനങ്ങൾ ഭൂമി കൈമാറ്റം ചെയ്ത വകയിൽ ലഭിച്ച തുകയുപയോഗിച്ചും എട്ട് സ്ഥാപനങ്ങൾ അവയുടെ വായ്പ ഓഹരിയാക്കി മാറ്റിയതുകൊണ്ടും എട്ട് സ്ഥാപനങ്ങൾ സർക്കാർ ഗ്രാന്റ് ലഭ്യമായതുകൊണ്ടുമാണ് പ്രവർത്തനം മെച്ചപ്പെടുത്തിയത്. കൂടാതെ ആറ് സ്ഥാപനങ്ങൾക്കുള്ള സർക്കാർ വായ്പയുടെ പലിശ എഴുതിത്തള്ളിയതു

കൊണ്ടും പതിമൂന്ന് സ്ഥാപനങ്ങൾക്ക് KIRF ലോൺ തിരിച്ചടയ്ക്കുവാൻ സർക്കാർ സഹായം നൽകിയതുകൊണ്ടും ചില സ്ഥാപനങ്ങളെ ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി സർക്കാരിലേയ്ക്കുള്ള വിൽപ്പന നികുതിയുടെ ബാധ്യത ഇളവുചെയ്തു നൽകിയതുകൊണ്ടുമാണ് ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുള്ളത്. അതതു വർഷങ്ങളിൽ ലാഭം കാണിച്ചിട്ടുള്ള പല സ്ഥാപനങ്ങളിലും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയായിട്ടില്ലാത്തതും സഞ്ചിത നഷ്ടം ഉള്ളതുമാണ്. ചില സ്ഥാപനങ്ങൾ നിയമാനുസൃതമായി കൊടുത്തു തീർക്കേണ്ട ഇ.പി.എഫ്, ഇ.എസ്.ഐ., സെയിൽസ് ടാക്സ്, വൈദ്യുതി ചാർജ്ജ്, സർക്കാരിലേയ്ക്കും ധനകാര്യ സ്ഥാപനങ്ങളിലേക്കും നൽകേണ്ട വായ്പാ കുടിശ്ശിക, ഗ്യാരന്റി കമ്മിഷൻ എന്നിവ നൽകാത്തവയുമാണ്. ചില വർഷങ്ങളിൽ ലാഭം കൂടിയതിനുള്ള മുഖ്യമായ കാരണം കമ്പോളത്തിൽ ചില ഉല്പന്നങ്ങൾക്ക് വന്ന വില വർദ്ധനവാണ്. സർക്കാർ സഹായങ്ങളുടെ പ്രതിഫലനം കമ്പനികൾ ഉണ്ടാക്കിയ ലാഭത്തിൽനിന്ന് മാറ്റിയാൽ മാത്രമേ സ്ഥാപനങ്ങളുടെ മത്സരശേഷിയും കഴിവും ഉപയോഗിച്ചുണ്ടാക്കിയ പ്രവർത്തനലാഭം തിട്ടപ്പെടുത്തുവാൻ കഴിയൂ. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സംബന്ധിച്ച ഒരു റിവ്യൂ നടത്തുന്നതിന് റിയാബിനെ ഏൽപ്പിച്ചിരിക്കുകയാണെന്നും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് പുതിയ സംരംഭങ്ങൾ ആരംഭിക്കുക, പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളുടെ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുക എന്നിവയാണ് സർക്കാരിന്റെ പോളിസിയെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 232 മുതൽ 471 വരെയുള്ള ചോദ്യങ്ങളിൽ 164 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)